# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3048** 07.11.2019 **ൽ മറുപടിക്ക്**

**പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലം**

| ചോദ്യം<br>**ശ്രീ.ടി.വി.രാജേഷ്** | മറുപടി<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലങ്ങളിൽ ചില അപാകതകൾ ഉള്ളതായി ആക്ഷേപം വന്നതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതി അറിയാൻ വിദഗ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | താവം ROB യുടെ പിലാത്തറ സൈഡിലായിട്ടുള്ള അപ്രോച്ച് സ്ലാബിന്റെ കാന്റിലിവർ ഭാഗത്ത് അടിയിലായി നേരിയ വിള്ളൽ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഡിസൈൻ നിർവ്വഹിച്ച M/s ശ്രീഗിരി കൺസൾട്ടന്റ് എന്ന സ്ഥാപനത്തിലെ വിദഗ്ദരെക്കൊണ്ട് പാലം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എ 1 വശത്തെ അപ്രോച്ച് ഭാഗത്തെ സെറ്റിൽമെന്റ് മൂലം ഉണ്ടാകുന്ന ഉയരവ്യത്യാസം BC ഇട്ടു പരിഹരിച്ചിട്ടുണ്ട്.<br>പാപ്പിനിശ്ശേരി ROB ക്ക് ഘടനാപരമായ വൈകല്യങ്ങളൊന്നുമില്ല. എക്സ്പാൻഷൻ ജോയിന്റിൽ നൽകിയിട്ടുള്ള കോൺക്രീറ്റ് സീലിൽ ചെറിയ വിള്ളലുകൾ ഉണ്ടാവുകയും അവ മാറ്റി സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ഈ പാലം നന്നായി പ്രവർത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**